പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1648 14.12.2012 - ൽ മറുപടിക്ക്

## ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ. കെ.പി . മോഹനൻ |
| ശ്രീ. റ്റി.എൻ.പ്രതാപൻ : | (കൃഷിയും മൃഗസംരക്ഷണവും |
| ശ്രീ. സണ്ണി ജോസഫ്: | അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി ) |
| ശ്രീ.പാലോട് രവി: | |

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ ഉപാധികൾ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് ഇൻ പഞ്ചായത്ത് ഓൾ സെലക്ടഡ് ബ്ലോക്ക് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(എ) ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് 2011-2012 വർഷത്തെ പദ്ധതിയിൽ 14 ജില്ലകളിലെ 73 ഡയറി ബ്ളോക്കിലെ 14 തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്. തെരഞ്ഞെടുത്ത 14 പഞ്ചായത്തുകളുടെ വിവരം ജില്ല തിരിച്ചു കൊടുത്തിരിക്കുന്നു.

1. പത്തനംതിട്ട ജില്ല- കോയിപ്രം പഞ്ചായത്ത്
2. ഇടുക്കി - നെടുങ്കണ്ടം.
3. പാലക്കാട് - പെരുമാട്ടി
4. ആലപ്പുഴ - ഭരണിക്കാവ്
5. കാസർഗോഡ് - കല്ലാർ
6. തൃശ്ശൂർ - പാണഞ്ചേരി
7. കൊല്ലം - ചാത്തന്നൂർ
8. എറണാകുളം - തുറവൂർ
9. കോട്ടയം - മുളക്കുളം
10. മലപ്പുറം - പെരുമണ്ണക്ളാരി
11. തിരുവനന്തപുരം - നെല്ലനാട്
12. കണ്ണൂർ - പെരിങ്ങോംവയക്കര
13. വയനാട് - ഇടവക
14. കോഴിക്കോട് - തിരുവള്ളൂർ.

അടുക്കളമുറ്റത്തെ കോഴിവളർത്തൽ/ ആടു വളർത്തൽ, കാട വളർത്തൽ, താറാവു വളർത്തൽ എന്നിങ്ങനെ വിവിധ

പദ്ധതികൾ നടപ്പാക്കാൻ ഓരോ തെരഞ്ഞെടുത്ത പഞ്ചായത്തിലും 5 ലക്ഷം രൂപ വീതം മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതമായും,ബാക്കി പഞ്ചായത്തു വിഹിതവും ഉപഭോക്തൃവിഹിതവും ചേർത്ത് പഞ്ചായത്ത് തെരെഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി കൊണ്ടുളള പ്രയോജനം സിദ്ധിച്ചിട്ടുളളത്. എല്ലാ ജില്ലകളിലേയ്ക്കും 5 ലക്ഷം രൂപയുടെ ഫണ്ടും ഭരണാനുമതിയും നൽകിയിട്ടുണ്ട്. സ്പിൽ ഓവറായി പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ പദ്ധതി നടത്തിപ്പ് പൂർത്തീകരിച്ചുകഴിഞ്ഞു.

(ബി) പ്രസ്തുത പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ഒരു പഞ്ചായത്തിലെ എങ്കിലും എല്ലാ വീട്ടുമുറ്റത്തുമെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച പ്രോജക്ടാണ് **ഇത്.** 14 ജില്ലകളിലായി 73 ഡയറി ബ്ളോക്കുകളിലെ 14 തെരെഞ്ഞെടുത്ത പഞ്ചായത്തുകളിലായാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുളളത്. മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ പഞ്ചായത്തുതലത്തിലാണ് പദ്ധതി നടപ്പാക്കിയത്. പരമാവധി ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ഓരോ പഞ്ചായത്തിലും പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശം. വിവിധ മൃഗസംരക്ഷണ ഉപാധികൾ ചെറിയ യൂണിറ്റുകളായി കർഷകരിൽ എത്തിക്കുകയും അതിലൂടെ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം. ആടുകൾ, കോഴി, താറാവ്, മുയൽ, കാട, കന്നുകുട്ടികൾ, ടർക്കി എന്നിവ വാങ്ങി തെരെഞ്ഞെടുത്ത ഗുണഭോക്താക്കൾക്കായി നൽകാനാണ് പദ്ധതി വിഭാവനം ചെയ്തത്. പഞ്ചായത്തു പ്ളാനുകളും ഇതോടൊപ്പം ചേർത്ത് നടപ്പാക്കാനായിരുന്നു ഉദ്ദേശം. തെരെഞ്ഞെടുത്ത പഞ്ചായത്തിലെ വെറ്ററിനറി സർജന് / സീനിയർ വെറ്ററിനറി സർജന് ആണ് പദ്ധതി നടപ്പാക്കാനുളള ചുമതല നൽകിയിരുന്നത്. വിവിധ വാർഡുകളിലെ ഗ്രാമസഭയുമായി കൺസൽട്ട് ചെയ്ത് ആവശ്യകത

മനസ്സിലാക്കി ഒരു വിശദമായ റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്തിന്റെ സഹായത്തോടെ മൃഗസംരക്ഷണ ഉപാധികൾ കർഷകരിലേക്ക് എത്തിക്കുന്ന രീതിയാണ് ഈ പ്രോജക്ട് നടപ്പിലാക്കുമ്പോൾ സ്വീകരിച്ചുപോരുന്നത്. മൃഗസംരക്ഷണ വകുപ്പ് പദ്ധതി വിഹിതമായി 5 ലക്ഷം രൂപയും അതോടൊപ്പം പഞ്ചായത്തു വിഹിതവും ഗുണഭോക്തൃ വിഹിതവും ചേർത്ത് പരമാവധി ഗുണഭോക്താക്കളിൽ മൃഗസംരക്ഷണ പദ്ധതിയുടെ പ്രയോജനം എത്തിക്കുക എന്നതാണ് ഈ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ഏതെല്ലാം സ്ഥലങ്ങളിലാണ് ഇത് നടപ്പാക്കുന്നത്; വിശദമാക്കുമോ;

(സി) തെരെഞ്ഞെടുത്ത 73 ഡയറി ബ്ളോക്കുകളിലെ തെരെഞ്ഞെടുത്ത 14 പഞ്ചായത്തുകളിലാണ് ഇതു നടപ്പാക്കുന്നത്. 2012-2013 സാമ്പത്തിക വർഷത്തിലും ഈ പദ്ധതി മുൻവർഷത്തെ തുടർ പദ്ധതിയായി നടത്തി വരുന്നു. ഈ സാമ്പത്തിക വർഷം 10 ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നു. 2012-13 ലെ പദ്ധതി പ്രൊപ്പോസൽ കോട്ടയം ജില്ലയിൽ നിന്നും ലഭിച്ചതിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അനുമതി നൽകുന്നതാണ്.

(ഡി) പ്രോജക്ടിന്റെ ഗുണഭോക്താക്കൾ ആരാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

(ഡി) തെരെഞ്ഞെടുത്ത പഞ്ചായത്തിലെ ഓരോ വാർഡിലെയും ഗ്രാമസഭയുമായി ചേർന്ന് ഗുണഭോക്താക്കളെ കണ്ടെത്തുകയാണ് ചെയ്യുന്നത്. പരമാവധി ഗുണഭോക്താക്കളെ കണ്ടെത്തുകയാണ് ലക്ഷ്യം. എ.പി.എൽ/ബി.പി.എൽ എന്ന തരംതിരിവില്ലാതെയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. പഞ്ചായത്ത് അധികാരികൾ, തെരെഞ്ഞെടുത്ത പഞ്ചായത്തിലെ വെറ്ററിനറി സർജൻ/സീനിയർ വെറ്ററിനറി സർജൻ എന്നിവർ സഹകരിച്ച് ഓരോ ഗ്രാമസഭയുമായി ചർച്ച ചെയ്താണ് ഗുണഭോക്താക്കളെയും വിതരണം ചെയ്യേണ്ട മൃഗസംരക്ഷണ ഉപാധികളുടെ എണ്ണവും കണ്ടെത്തിയത്. തെരെഞ്ഞെടുത്ത ഓരോ പഞ്ചായത്തിലും പരമാവധി ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ